# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 16-05-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : 429

# തുറമുഖങ്ങളുടെ വികസനത്തിന് പദ്ധതികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.ദിവാകരൻ :<br>ശ്രീ. ആർ.രാമചന്ദ്രൻ :<br>ശ്രീമതി. ഗീതാഗോപി :<br>ശ്രീമതി. സി.കെ.ആശ : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ തുറമുഖങ്ങളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ; | (എ) ചെറുകിട തുറമുഖങ്ങളാണ് സംസ്ഥാന തുറമുഖ വകുപ്പിന്റെ കീഴിലുള്ളത്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളായ വിഴിഞ്ഞം, കൊല്ലം , ആലപ്പുഴ , കൊടുങ്ങല്ലൂർ , അഴീക്കൽ , പൊന്നാനി, ബേപ്പൂർ എന്നീ തുറമുഖങ്ങൾ തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. ഇതിന്റെ ഭാഗമായി കൊല്ലം തുറമുഖത്ത് പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണം , വിഴിഞ്ഞം തുറമുഖത്തെ സീവേർഡ് വാർഫിന്റെ നീളം കൂട്ടൽ, ബേപ്പൂർ തുറമുഖത്തെ ബർത്തിന്റെ നീളം കൂട്ടൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്. 46 കോടി രൂപ ചെലവിൽ കൊടുങ്ങല്ലൂർ തുറമുഖത്തെ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊന്നാനി തുറമുഖം പി.പി.പി മോഡലിലാണ് വികസിപ്പിക്കുന്നത് . ഇതിനായി മലബാർ പോർട്ട്സ് പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിയ പദ്ധതി അനുസരിച്ച് 763 കോടി രൂപ ചെലവിൽ തുറമുഖ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖവികസനത്തിനായി 496 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. തുറമുഖവികസനത്തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (ബി) തുറമുഖങ്ങളുടെ നവീകരണത്തിൽ ഗതാഗതത്തിനും ചരക്ക് നീക്കത്തിനും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (ബി) ചരക്കു നീക്കത്തിനും ഗതാഗതത്തിനും ചെറുകിട തുറമുഖങ്ങളെ എല്ലാ അടിസ്ഥാനസൗകര്യങ്ങളോടെയും വികസിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി അഴീക്കൽ , ബേപ്പൂർ , കൊല്ലം , വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ , ബേസിൻ , വാർഫ് എന്നിവ ലഭ്യമാണ്. |

കൂടാതെ തുറമുഖങ്ങളിലെ ചാനലിന്റേയും ബേസിന്റേയും ആഴം കൂട്ടുന്നതിനായി കട്ടർ സക്ഷൻ ഡ്രഡ്ജർ വാങ്ങി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ഭാഗമായി റീച്ച് സ്റ്റാക്കർ, ക്രെയിൻ, വെയിംഗ് മെഷീൻ, കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ , ഫോർക്ക് ലിഫ്റ്റ് , വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വലിയ ചരക്കു കപ്പലുകളെ തുറമുഖത്തേക്ക് അടുപ്പിക്കുന്നതിനായി ടഗ്ഗുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | തുറമുഖ നവീകരണത്തിനായി എത്ര തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ നീക്കിവച്ചതെന്ന് അറിയിക്കുമോ ? | (സി) | തുറമുഖ നവീകരണത്തിനായി 2017-18 ലെ ബഡ്ജറ്റിൽ ആകെ 11,786 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ